(സി) ഡീസലിന്റെ വില നിയന്ത്രണം കേന്ദ്ര സർക്കാർ എടുത്ത് കളഞ്ഞതിന് ശേഷം 19-10-2014 ന് എണ്ണക്കമ്പനികൾ ഡീസലിന്റെ അടിസ്ഥാന വിലയിൽ 3 രൂപയുടെ കുറവ് വരുത്തുകയുണ്ടായി. പ്രസ്തുത അവസരത്തിൽ ഡീസലിന്റെ വിൽപന നികുതി നിരക്ക് 19.80% ആയിരുന്നു. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി നികുതി നിരക്ക് 21.04 ശതമാനത്തിൽ നിന്നും 22.07 ആയി ഉയർത്തിക്കൊണ്ടാണ് പുനഃക്രമീകരിച്ചിട്ടുണ്ട്. അതിനാൽ ഇപ്രകാരം നികുതി നിരക്കിൽ ഉണ്ടായ വർദ്ധനവുവഴി കേന്ദ്ര സർക്കാർ/എണ്ണക്കമ്പനികൾ വില കുറച്ചതിന് മുമ്പും പിമ്പുമായി താരതമ്യപ്പെടുത്തുമ്പോൾ, അധിക നികുതി ഭാരം ഈ ഉൽപ്പന്നങ്ങൾ മേലിൽ ചുമത്തപ്പെട്ടിട്ടില്ല.

നികുതി പിരിവും നികുതി ഇളവുകളും

222 (562) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ നികുതി ഇനങ്ങളിലായി എത്ര കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട് ; എത്ര കോടി രൂപയായിരുന്നു പിരിച്ചെടുക്കേണ്ടിയിരുന്നത് ; ഇതിൽ പിരിച്ചെടുക്കാനുള്ളത് എത്ര ; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) 2014-15 വർഷത്തിൽ ബഡ്ജറ്റ് നിർദ്ദേശമില്ലാതെ എത്രകോടി രൂപയാണ് അധികമായി (വിവിധയിനങ്ങളിൽ) സംസ്ഥാന സർക്കാർ നികുതി ചുമത്തിയത് ; വിശദാംശം നൽകുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധയിനങ്ങളിലായി നികുതിയിളവുകൾ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ഡി) ഇപ്രകാരം ഇളവുനൽകിയ ഇനങ്ങളുടെ കഴിഞ്ഞ മൂന്നു വർഷക്കാലത്തെ നികുതിയുടെ സ്റ്റേറ്റ്മെന്റ് നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-12 മുതൽ 2014-15 (2014 സെപ്റ്റംബർ വരെ) വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് തനത് നികുതി ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരവും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരവും പ്രതീക്ഷിച്ച വരുമാനം, ലഭിച്ച യഥാർത്ഥ വരുമാനം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	ബഡ്ജറ്റ് എസ്റ്റിമേറ്റ്(crores)	പുതുക്കിയ എസ്റ്റിമേറ്റ്(crores)	അക്കൗണ്ട്സ് (യഥാർത്ഥ വരുമാനം)
2011-12	26641.53	26446.28	25718.60
2012-13	32122.21	31702.44	30076.61
2013-14	38771.10	35542.96	31995.02
2014-15	42467.49	---	16948.13(സെപ്റ്റംബർ വരെ)

(ബി) കുടുംബാഗങ്ങൾ തമ്മിലുള്ള ധന നിശ്ചയം, ഭാഗ പത്രം, ദാനം, ഒഴിമുറി എന്നീ ആധാരങ്ങൾക്ക് മുദ്ര വിലയിലും രജിസ്ട്രേഷൻ ഫീസിലും ഉണ്ടായിരുന്ന പരിധി നീക്കം ചെയ്തുകൊണ്ട് 24-ാം നമ്പരായി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലൂടെ 2014-15 സാമ്പത്തിക വർഷം രജിസ്ട്രേഷൻ വകുപ്പ് 100 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഫെയർ വാല്യൂ 50 ശതമാനം വർദ്ധിപ്പിച്ചതിനാൽ 270 കോടിയുടെ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

20 ലക്ഷത്തിന് മുകളിൽ വിലയുള്ള വാഹനങ്ങളുടെ ഒറ്റത്തവണ നികുതി വാഹന വിലയുടെ 20 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതു വഴി ഏകദേശം 50 കോടിയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

വാണിജ്യ നികുതി വകുപ്പിൽ 24/2014 നമ്പർ ഓർഡിനൻസ് പ്രകാരം കെയിസ്സിന് 400 രൂപയിൽ കൂടുതൽ വാങ്ങൽ വിലയുള്ള ബിയറും വൈനും ഒഴികെയുള്ള വിദേശ മദ്യത്തിന്റെ നികുതി നിരക്ക് 115 ശതമാനത്തിൽനിന്നും 135 ശതമാനമായും ബിയർ, വൈൻ എന്നിവയുടെ നികുതി നിരക്ക് 50 ശതമാനത്തിൽ

നിന്നും 70 ശതമാനമായും ഉയർത്തിയിട്ടുണ്ട്. കൂടാതെ സിഗരറ്റിന്റെ നികുതി നിരക്ക് 22 ശതമാനത്തിൽനിന്നും 30 ശതമാനമായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ വിദേശ മദ്യത്തിൽനിന്നും പ്രതിമാസം 75 കോടി രൂപയും ബിയർ, വൈൻ എന്നിവയിൽനിന്ന് പ്രതിമാസം 7.05 കോടി രൂപയും സിഗരറ്റിൽനിന്നും പ്രതിമാസം 20 കോടി രൂപയും അധിക വരുമാനം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതു കൂടാതെ ക്യാന്റീൻ സ്റ്റോഴ്സ് മുഖേന വിൽക്കപ്പെടുന്ന വിദേശ മദ്യത്തിന്റെ Consessional Tax Rate 65 ശതമാനത്തിൽനിന്നും 70 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 40 ലക്ഷം രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

(സി) രജിസ്ട്രേഷൻ വകുപ്പിൽ താഴെപറയുന്ന പ്രധാന ഇളവുകൾ നൽകിയിട്ടുണ്ട് :

1. കേരള മുദ്രപ്പത്ര നിയമത്തിൽ ഭേദഗതി വരുത്തി കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ധന നിശ്ചയം, ദാനം, ഒഴിമുറി എന്നീ ആധാരങ്ങൾക്ക് പരമാവധി 1000 രൂപ മുദ്രവില ഈടാക്കിയാൽ മതിയാകുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. KHSB/GCDA എന്നിവയുടെ ആധാരങ്ങളെ ഫെയർ വാല്യൂ പ്രകാരമുള്ള വർദ്ധിച്ച മുദ്ര/ഫീസിൽനിന്ന് ഒഴിവാക്കി.

3. കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ധന നിശ്ചയം, ദാനം ഒഴിമുറി എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് വിലയുടെ 1% എന്നതിനു വിധേയമായി പരമാവധി 25,000-രൂപയായി കുറവുചെയ്തിരുന്നു. എന്നാൽ 8-10-2014-ലെ ഉത്തരവിലൂടെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി പരമാവധി 1000 രൂപ എന്നത് ഒഴിവാക്കി 1% എന്നും ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി പരമാവധി 1000 രൂപയെന്നത് ഒഴിവാക്കി 2% എന്നും ഭേദഗതി വരുത്തുകയുണ്ടായി. കൂടാതെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ധനനിശ്ചയം, ദാനം, ഒഴിമുറി എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് പരമാവധി 25000 എന്നത് ഒഴിവാക്കി വിലയുടെ 1% എന്നാക്കിയും ഭേദഗതി വരുത്തി.

LIBRARY ARCHIVES Kerala Legislative Assembly

4. KSHB- യുടെLand and Flats കളുടെ രജിസ്ട്രേഷന് 50% മുദ്രയിളവു നൽകി.

5. 1-4-2013 മുതൽ തീറാധാരങ്ങളുടെ മുദ്രനിരക്കിൽ 2% കുറവുവരുത്തി.

6. വാണിജ്യ ബാങ്കുകൾ നൽകുന്ന കാർഷിക വിദ്യാഭ്യാസ വായ്പകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി പൂർണ്ണമായി ഒഴിവാക്കി.

7. ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുടെ പേർക്ക് വസ്തു വാങ്ങുന്നതിനുള്ള തീറാധാരങ്ങളുടെ മുദ്രയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയ ഇളവുകളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

നികുതി കുടിശ്ശിക

223 (563) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഖജനാവിലേക്ക് നൽകേണ്ട നികുതി കുടിശ്ശികയാക്കിയവരിൽ, ഏറ്റവും കൂടുതൽ തുക നൽകേണ്ട ഇരുപത്തിയഞ്ച് പേരുടെ പേരുവിവരം വെളിപ്പെടുത്താമോ ;

(ബി) ഇവർ ഓരോരുത്തരും കുടിശ്ശിക വരുത്തിയ നികുതി തുക എത്ര കോടി രൂപ വീതമാണ് ?

<u>ഉത്തരം</u>

(എ) & ബി) വാഹന നികുതിയിനത്തിൽ കുടിശ്ശികയാക്കിയവരുടെ പേരുവിവരം അനുബന്ധം 1-ൽ ചേർക്കുന്നു.*

എക്സൈസ് കുടിശ്ശികയുള്ളവരുടെ പേര് വിവരം അനുബന്ധം 2-ൽ ചേർക്കുന്നു. മറ്റ് നികുതിയിനങ്ങളിൽ കുടിശ്ശിക വരുത്തിയവരുടെ പേര് വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly